# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1849

07.03.2017-ൽ മറുപടിക്ക്

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി; ഓപ്പൺ ക്വാട്ടയിൽ എത്രപേർക്ക് നിയമനം നൽകുകയുണ്ടായി; | (എ) | 135 പേർക്ക് നിയമന ശിപാർശ നൽകി. ഓപ്പൺ ക്വാട്ടയിൽ 95-ാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | 2017 ഡിസംബർ വരെ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) & (സി) | 2017 ഡിസംബർ വരെയുള്ള 116 (നൂറ്റിപ്പതിനാറ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഈ ഒഴിവുകൾ ഇതിനകം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ; | | |
| (ഡി) | കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിലവിൽ അസിസ്റ്റന്റുമാരുടെ ഒഴിവുണ്ടോ; പി.എസ്.സി. യിൽ വിവിധ കാറ്റഗറിയിൽ പുതിയ തസ്തിക ഉണ്ടാക്കണമെന്ന പി.എസ്.സി യുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; എന്നാണ് ശിപാർശ ലഭിച്ചത്; വിശദാംശങ്ങൾ നൽകുമോ; | (ഡി) & (ഇ) | നിലവിൽ അഡ്വൈസ് ചെയ്യുവാനായി പി.എസ്.സി.-യിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി.-യിൽ അധിക തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച നിവേദനം സംബന്ധിച്ച് പി.എസ്.സി. സെക്രട്ടറിയുടെ റിപ്പോർട്ട് 06.01.2016-ൽ സർക്കാരിൽ ലഭിച്ചിരുന്നു. തുടർന്ന് 25.11.2016-ൽ പി.എസ്.സി.-യിൽ |
| (ഇ) | ജോലിഭാരം കൊണ്ട് ബുദ്ധിമുട്ടുന്ന പി.എസ്.സി. ക്ക് ആവശ്യമായ ജീവനക്കാരെ | | |

| | | | |
|---|---|---|---|
| | നിയമിക്കുന്നതിന് പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | | 330 അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പി.എസ്.സി. സെക്രട്ടറിയുടെ മറ്റൊരു പ്രൊപ്പോസലും ലഭിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലുകൾ ധനവകുപ്പ് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ